പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4203 13.12.2018 ലെ മറുപടിക്ക്

## കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ചകിരി സംസ്കരണ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ വകുപ്പിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | എ) കയർ വകുപ്പിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി നിലവിലുണ്ട്. കുറഞ്ഞത് 25 സെൻറ് സ്ഥലവും 3 ഫേസ്, 44 HP വൈദ്യുതിയും ജലലഭ്യതയും, റോഡ് സൗകര്യവും ഉണ്ടായിരിക്കുന്ന സ്ഥലങ്ങൾ ഉള്ള കുടുംബശ്രീ ഗ്രൂപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാമിഷൻ ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കുറഞ്ഞത് 6 കുടുംബശ്രീ അംഗങ്ങൾ ചേർന്ന് സംരംഭമാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തൊണ്ട് ശേഖരണമാണ് ഇവർ ചെയ്യേണ്ടതും നേരിടുന്നതുമായ പ്രധാന വെല്ലുവിളി. ഉൽപ്പന്നങ്ങൾ കയർഫെഡ് നേരിട്ട് എടുക്കത്തക്കവിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ കണ്ണൂർ അമ്മാനപ്പാറയിലും തൃശ്ശൂർ അളഗപ്പ നഗറിലും ഇത്തരത്തിലുള്ള കുടുംബശ്രീ യൂണിറ്റുകൾ നിലവിൽ വന്നിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. |
| ബി) ഈ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് എത്ര രൂപയാണ് കുറഞ്ഞ വേതനം ലഭിക്കുന്നത്; | ബി) ഈ (സംരംഭമായി നടപ്പിലാക്കി വരുന്ന) പദ്ധതിയിലെ അംഗങ്ങൾക്ക് ലഭിക്കുന്ന കുറഞ്ഞ വരുമാനം ദിവസേന 300/- രൂപയാണ്. ലഭ്യമാകുന്ന തൊണ്ടിന്റെ അളവും ഉപഉത്പ്പന്ന സാധ്യതകൾ വർദ്ധിപ്പിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിക്കാനാകും. ഇതിനായി പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനങ്ങൾക്കും വിപണി ഉറപ്പാക്കലിനും കയർ വകുപ്പുമായും ബന്ധപ്പെട്ട സ്ഥാപനങ്ങളുമായും ചർച്ചകൾ നടക്കുന്നുണ്ട്. ഇതിനായുള്ള പദ്ധതികൾ ലഭ്യമാക്കുന്ന പക്ഷം യൂണിറ്റുകൾക്ക് മികച്ച വരുമാനവും വിപണിയും ലഭ്യമാകും. |
| സി) സ്ത്രീ തൊഴിലാളികളെ തൊണ്ട് തല്ല് രംഗത്ത് തിരികെ എത്തിക്കുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പാക്കുന്നതിനും ഈ സംരംഭം എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; | സി) ചകിരിനാരു ഉൽപ്പാദന കേന്ദ്രങ്ങളിൽ ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ച് പച്ചത്തൊണ്ടിൽ നിന്നും നേരിട്ട് നാരുല്പ്പാദനം സാധ്യമാകും. തൊണ്ടുതല്ല്, ജലത്തിന്റെ വർദ്ധിച്ച ഉപയോഗം, മലിനീകരണ സാധ്യത എന്നിവ ഇത്തരം |

| | |
|---|---|
| വിശദമാക്കുമോ? | യൂണിറ്റുകൾക്ക് വളരെ കുറവാണ്. പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനവും വിപണിയും ഉറപ്പാക്കിക്കൊണ്ട് വരുമാന സാധ്യത വർദ്ധിപ്പിക്കാനും ഉപോല്പ്പന്നങ്ങളും കയർ പിത്തിൽ നിന്നും ലഭ്യമാകുന്ന വളത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികൾ വഴി വിപണി ഉറപ്പാക്കുകയുമാണെങ്കിൽ മെച്ചപ്പെട്ട വരുമാനവും ജീവിത സാഹചര്യങ്ങളും വനിതകൾക്ക് ലഭ്യമാക്കാനാകും. |

സെക്ഷൻ ഓഫീസർ